## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3776 23/08/2017-ൽ മറുപടിക്ക്

## കേടായ ഇലക്ട്രിക് മീറ്ററുകൾ

| | ചോദ്യം<br><br>**ശ്രീ.സി.കൃഷ്ണൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഇലക്ട്രിക് മീറ്റർ ശരിയായി പ്രവർത്തിക്കാത്തത് മൂലം റീഡിംഗ് കൃത്യമായി രേഖപ്പെടുത്താതിനാൽ KSEB ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം മീറ്ററുകൾക്ക് പകരം ഗുണമേന്മയുള്ള മീറ്ററുകൾ വില ഈടാക്കിക്കൊണ്ട് കെ.എസ്. ഇ.ബി തന്നെ മാറ്റികൊടുക്കുന്ന രീതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | സപ്ലൈ കോഡ് 2014 പ്രകാരം മീറ്റർ നിലച്ച് പോവുകയോ കൃത്യമായ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മീറ്റർ കേടാകുന്നതിന് തൊട്ട് മുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നു.<br>മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ വരുമ്പോൾ മീറ്റർ മാറ്റി വച്ച ശേഷം തുടർന്നുള്ള 3 ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല. എന്നിരുന്നാലും കേടായ മീറ്ററുകൾക്ക് പകരം ഗുണമേന്മയുള്ള മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. 15.56 ലക്ഷം സിംഗിൾ ഫേസ് |

(...2)

| | | | |
|---|---|---|---|
| | | | എനർജി മീറ്ററുകളും 70000 ത്രീ ഫേസ് മീറ്ററുകളും ബോർഡ് വാങ്ങുന്നതിനും, കേടായ മീറ്ററുകൾ ഉടൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ